




**ഒന്നും മാറ്റാൻ കഴിയാത്ത,
ശക്തിയില്ലാത്ത ഒരു
ദൈവമായി വാഴ്ത്തപ്പെട്ട ഗാന്ധി
ഒടുവിൽ സ്വന്തം വിധി
തിരഞ്ഞെടുക്കുകയായിരുന്നു എന്ന്**

**സിവിക് ചന്ദ്രൻ**

# ബാപ്പുജി, ഞങ്ങളെ അഭിമുഖീകരിക്കൂ...

*രണ്ടു ദിവസം കഴിഞ്ഞ് അതായത് 1948 ജനുവരി 30ന് വൈകുന്നേരം മൂന്നു മണി. ഗാന്ധി സഞ്ചരിച്ച തീവണ്ടി ഡൽഹിയിൽ എത്തി. സ്റ്റേഷനിൽനിന്ന് കാൽനടയായി അദ്ദേഹം ബിർളാഹൗസിൽ എത്തുമ്പോഴേക്കും സമയം നാലു മണി കഴിഞ്ഞ് അമ്പതു മിനിറ്റായിരുന്നു. തന്റെ പ്രാർത്ഥനാ യോഗത്തിന് സമയ മടുക്കുന്നു എന്ന വേവലാതിയോടെ പിൻവാതിലിലൂടെ തിരക്കിട്ട് ബിർളാ ഹൗസിൽ പ്രവേശിച്ചു. ആ മന്ദിരത്തിന്റെ വിശാലമായ പൂന്തോട്ടത്തിൽ, വളർന്നുവരുന്ന പനീർപ്പൂക്കാടുകൾ നോക്കികൊണ്ട് മഹാത്മാ ഭഗവതീ ചരൺ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം ഗാന്ധി വരുന്നത് കണ്ടുവോ എന്നറിയില്ല. ഗാന്ധി ധൃതിപ്പെട്ട് അയാളെ കടന്നുപോയി. തന്റെ മുറിയിലേക്ക് തിരിഞ്ഞ് കുളിമുറി യിൽ പ്രവേശിച്ചു. മുഖം കഴുകുമ്പോൾ ധനിക്‌ലാൽ തന്നെ വിളിക്കുന്നത് അദ്ദേഹം കേട്ടു. "പ്രാർത്ഥനാ യോഗത്തിന് സമയമായി ബാപ്പുജീ, അയാൾ ഇവിടെയുണ്ട്". മഹാത്മാ ഉച്ചത്തിൽ മറുപടി പറഞ്ഞു:"ഇതാ, ഞാൻ ഒരു നിമിഷംകൊണ്ടു വരാം ധനിക്‌ലാൽജീ. ദയവായി അയാളോട് കാത്തു നിൽക്കാൻ പറയൂ."*

ഇങ്ങനെ അവസാനിക്കുന്ന ഒരു കഥ ഈയ്യടുത്ത് വായിക്കാനിടയായി. വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനും അവസരമുണ്ടായി. (പാഠഭേദം, 2012 ഫെബ്രു. ലക്കം) ഇക്കഥയിലെ ധനിക്‌ലാൽ ഗാന്ധിജിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയാണ്. മഹാത്മാ ഭഗവതീചരൺ, മഹാത്മാഗാന്ധിയെക്കാൾ നന്നായി ഗാന്ധിവേഷം കെട്ടുകയും അഭിനയിക്കുകയും ചെയ്യുന്നയാളും.

ഭഗവതീചരണെ കുറിച്ച് ധനിക്‌ലാൽ കഥയിലൊരിടത്ത് പറയുന്നു: ദൈവ മേ, ഈ ഭഗവതീചരൺ എത്രമാത്രം വലിയ മഹാനായിപ്പോയി. ഒറിജിനലിന്റെ കൃത്യമായ കോപ്പി. അയാൾ അങ്ങയെപ്പോലെ തന്നെയുണ്ട്. കൃത്യമായും അങ്ങ

യെപ്പോലെ. അങ്ങയുടെ മഹത്തായ ആശയങ്ങളെപ്പോലെ, അതേ ശബ്ദ ത്തോടെയും ഭാവത്തോടെയും അയാൾ ആവർത്തിക്കുന്നു. ആ പുഞ്ചിരിയുണ്ടല്ലോ, അത് കൃത്യ മായും അങ്ങയുടെ പുഞ്ചിരിതന്നെ...

ഒരു സത്യാഗ്രഹിക്ക് ഉണ്ടായിരി ക്കേണ്ട നിർണ്ണായകഗുണവിശേഷങ്ങ ളിൽ മരണം തിരഞ്ഞെടുക്കുന്നതി നുള്ള സ്വാതന്ത്ര്യമാണ് ഏറ്റവും പ്രധാനമെന്ന് ഇക്കഥയിലൊരിടത്ത് ഗാന്ധിജി ആലോചിക്കുന്നു. സ്വന്തം ജീവിതത്തിൽ നിന്നുതന്നെ നമുക്ക് സ്വന്തം ഘാതകരേയു സൃഷ്ടിക്കണം. അദ്ദേഹം ബിർളാ ഹൗസിൽനിന്നു രക്ഷപ്പെടാനാഗ്രഹിക്കുന്നു. ഒരിക്കൽ താൻ ജീവിച്ച തോട്ടികളുടെ കോളനി യിലേക്ക്, അല്ലെങ്കിൽ സ്വന്തം ആശ്രമ ത്തിലേക്ക്. എന്നാൽ എല്ലാ അനുയാ യികളും തന്നെ അവിടേക്ക് പിന്തുടരു മെന്നു തീർച്ച. അവർ അവിടെ തന്നെ അടച്ചുപൂട്ടും. ഒന്നുകിൽ തടവുകാര നായി അല്ലെങ്കിൽ ദൈവമായി. ദൈവം തടവുകാരനായി പിടിക്കപ്പെടു ക. രക്ഷപ്പെടാനായദ്ദേഹം തന്റെ ഗുരു വായ ടോൾസ്റ്റോയിയുടെ കാലടികൾ പിന്തുടരുകയാണ്. തന്റെ റെയിൽവേ സ്റ്റേഷൻ താൻ തന്നെ കണ്ടുപിടിക്ക ണം.

ഊന്നുവടിയുടെ സഹായത്തോടെ ദൽഹിയിലെ പ്രശസ്തമായ നാൽക്ക വല മുറിച്ചുകടക്കുമ്പോൾ മൂടൽമഞ്ഞിനിടയിലൂടെ ഒരു മോട്ടോർ കാർ പാഞ്ഞെത്തുകയും അദ്ദേഹ ത്തിനു സമീപം നിർത്തുകയും ചെയ്യു ന്നു. വയസ്സാ, ആരാണ് നിങ്ങൾ? ഈ നേരത്ത് നിങ്ങൾ ഇവിടെ എന്തു ചെയ്യുകയാണ്? നീ പോകുന്നുണ്ടോ, ഇപ്പോ? ചൂരൽ വീശിക്കൊണ്ട് പോലീസ് ഗാന്ധിയെ അടിച്ചോടി ക്കാൻ ശ്രമിക്കുന്നു.

റെയിൽവേ സ്റ്റേഷനിലെത്തിയ പ്പോൾ അവിടെ മുഴുവൻ ഗാന്ധിമാർ. എന്നാൽ ഗാന്ധിസാറേ, നിങ്ങളെ പ്പോലെ തെരുവിൽ തെണ്ടാൻ മാത്ര മാണ് ഞങ്ങൾ ഈ വേഷം കെട്ടിയത് എന്ന് കരുതരുത് കേട്ടോ. അവരിലൊ രാൾ ഗുജറാത്തിയാണ്. വലിയ ജന്മി. ഈയിടെയാണ് ഇദ്ദേഹം ഈ വേഷം കെട്ടിയത്. ഗാന്ധിയെ ഇതേവരെ ഇദ്ദേ ഹം കണ്ടിട്ടില്ല. പക്ഷേ അദ്ദേഹ ത്തിന്റെ സംസാരം, നടപ്പ്, രൂപം, എല്ലാം യഥാർത്ഥ ഗാന്ധിയുടേതുത



**ഒരു സത്യാഗ്രഹിക്ക് ഉണ്ടായിരിക്കേണ്ട നിർണ്ണായകഗുണ വിശേഷങ്ങളിൽ മരണം തിരഞ്ഞെടുക്കുന്നതിനുള്ള സ്വാത ന്ത്ര്യമാണ് ഏറ്റവും പ്രധാനമെന്ന് ഇക്കഥയിലൊരിടത്ത് ഗാന്ധിജി ആലോചിക്കുന്നു. സ്വന്തം ജീവിതത്തിൽ നിന്നു തന്നെ നമുക്ക് സ്വന്തം ഘാതകരേയു സൃഷ്ടിക്കണം**

ന്നെ. അയാൾ തെരഞ്ഞെടുപ്പിൽ മത്സ രിക്കാൻ പോകുന്നു. ജയിക്കും എന്നു റപ്പിക്കാൻ ഇതിലും എളുപ്പമായ വഴി യില്ല. തലയിലെ മുടി മുഴുവൻ കളയു ക. തോളിലും അരയിലും ഒരുതുണ്ട് ഖാദിത്തുണി ചുറ്റിയിടുക. ഭഗവദ്ഗീത യുടെ പുതിയൊരു കോപ്പി കയ്യിൽ വെക്കുക. എന്നിട്ട് നിരത്തിലിറങ്ങി അദ്ദേഹത്തെപ്പോലെ അതിവേഗം കാലടി വെക്കണം. കണ്ണട, ഖദർ, ഒരു കയ്യിൽ ഗീത –വേഷം കെട്ടാൻ വളരെ എളുപ്പം!

സ്റ്റേഷൻ മാസ്റ്റർ പക്ഷേ യഥാർത്ഥ ബാപ്പുജിയെ തിരിച്ചറിയുന്നു. ഈ എണ്ണമറ്റ ബാപ്പുജിമാരിലാരും ടിക്കറ്റെ ടുത്തിട്ടില്ല. ചോദിക്കുമ്പോൾ അവർ പറയും, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വാങ്ങിത്തന്നു, അതു പോരേ! സ്റ്റേഷൻ മാസ്റ്റർ ഗാന്ധിജിയെ ബിർളാ ഹൗസിലേക്ക് തിരിച്ചയക്കു ന്നു. എല്ലാം സംഭവിക്കേണ്ടത് അവി ടെവെച്ചാണ്. ഈ പുണ്യഭൂമി ഭഗവതീ ചരൺമാരെക്കൊണ്ട് നിറയാൻ പോവു കയാണ്. അങ്ങ് ദൈവമായി വാഴിക്ക പ്പെടും. യാതൊന്നും മാറ്റാൻ കഴിയാ ത്ത, ശക്തിയില്ലാത്ത ഒരു ദൈവം. ഒടുവിൽ ഗാന്ധി സ്വന്തം വിധി തിര ഞ്ഞെടുക്കുന്നു. ഈ ലേഖനാദ്യത്തിൽ കണ്ടതുപോലെ...

ഇക്കഥ പ്രസിദ്ധീകരിക്കുന്നതിന് മുമ്പായിരുന്നു സുകുമാർ അഴീക്കോ ടിന്റെ മരണം. ഞങ്ങളീ കഥ അദ്ദേഹ ത്തിന്റെ ഓർമ്മയ്ക്കു മുമ്പിൽ സമർപ്പിച്ചു. ഈ ലേഖനം പൂർത്തിയാ ക്കുന്നതിനു മുമ്പെ ആ വാർത്ത: തിരുനാവായയിലെ സർവ്വോദയ മേള യോടനുബന്ധിച്ച് അഴിക്കോടിന്റെ ചി താഭസ്മം നിളയിൽ നിമജ്ജനം ചെയ്യാൻ അനുവദിക്കപ്പെട്ടില്ലത്രേ. അഴീക്കോടിനെ അഴീക്കോടിന്റെ ബന്ധുക്കൾക്ക് തിരിച്ചേൽപിക്കുക യല്ലേ നല്ലത്? ആലോചിക്കാൻ ഗാന്ധി യൻ സുഹൃത്തുക്കളോടഭ്യർത്ഥി ക്കുന്നു.

ഈ കഥയിലേതുപോലെ നമുക്ക് സാക്ഷാൽ ഗാന്ധിജിയെ അഭിമുഖീക രിക്കാം: ബാപ്പു! സ്വന്തം വാചകങ്ങൾ പറയൂ. അങ്ങയുടെതായ വഴിയിൽ ഞങ്ങളെ അഭിമുഖീകരിക്കൂ. ദൽഹി തെരുവുകളിലൂടെ ആയിരം കൊല്ലങ്ങ ളായി ഒഴുകുന്ന ചോര ഇനിയും ഉണ ങ്ങിയിട്ടില്ല. അങ്ങയുടെ ആശയങ്ങ ളുടെ മാഹാത്മ്യം ഞങ്ങളെ പഠിപ്പിക്കു ക. അല്ലങ്കിൽ ഞങ്ങളുടെ തോക്കുക ളിലെ വെടിയുണ്ടകൾ സമ്മാനമായി സ്വീകരിക്കുക.